# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-639 — 31.10.2011-ൽ മറുപടിക്ക്

### സ്പോർട്സ് നയം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) സ്പോർട്സ് നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എ) ഇല്ല;

(ബി) സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര തുക വകകൊള്ളിച്ചിട്ടുണ്ട്;

(ബി) 2011-12 സാമ്പത്തിക വർഷം സർക്കാർ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 16.25 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 7,01,24,000/- രൂപയും ദേശീയ-അന്തർദ്ദേശീയ മത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് 1.50 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്;

(സി) ഇതിനായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം സംബന്ധിച്ച് വിശദമാക്കാമോ?

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന കേന്ദ്ര സഹായ പദ്ധതിയായ പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക)യുടെ നടത്തിപ്പിനായി 2010-11-ൽ ശുപാർശ ചെയ്തിട്ടുള്ള ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കായി ഏകദേശം 539 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഇതിനു പുറമെ, 2011-12-ൽ ശുപാർശ ചെയ്യുന്ന ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കായി കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി തുക ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ